"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ ചാത്തന്നൂരിനെയും ആദിച്ചനല്ലൂരിനെയും ബന്ധിപ്പിക്കുന്ന നടപ്പാലം നിർമ്മാണം - നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകി ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.17/2026/PWD തിരുവനന്തപുരം,തീയതി, 20-02-2026

---

പരാമർശം:-

1. 04/05/2019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ
2. 25.09.2025 തീയതിയിലെ സ.ഉ(സാധാ)നം.1421/2025/PWD
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 24.12.2025 , 31.01.2026 എന്നീ തീയതികളിലെ CEPWD/3360/2024-AB3-BR നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ നടപാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്കായി പരാമർശം (2) പ്രകാരം 162.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു എങ്കിലും ആദ്യ ടെണ്ടറിൽ ആരും പങ്കെടുത്തില്ല. പ്രസ്തുത പ്രവൃത്തിക്കായി നടത്തിയ രണ്ടാമത്തെ ടെണ്ടറിൽ ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. സിംഗിൾ ബിഡറായ M/s. SPAN CONSTRUCTIONS ക്വോട്ട് ചെയ്ത 1,60,42,833.73/- രൂപ എസ്റ്റിമേറ്റ് പി.എ.സി തുകയായ 1,34,81,450.00/-രൂപയെക്കാൾ 19% ഉം, L.M.R ( Local Market Rate) തുകയായ 1,46,66,347.50/- രൂപയെക്കാൾ 9.38% ഉം, DSoR+10% തുകയായ 1,53,86,735.46/- രൂപയെക്കാൾ 4.26% ഉം വർദ്ധനവുള്ളതുമാണ്. ക്വോട്ട് ചെയ്ത തുക DSoR+10%/LMR ടോളറൻസ് പരിധിയേക്കാൾ കൂടുതലായതിനാൽ നിരക്കുകൾ കുറയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും ബിഡ്ഡർ നിരക്കുകൾ കുറയ്ക്കാൻ തയ്യാറായില്ല. M/s. SPAN CONSTRUCTIONS ക്വോട്ട് ചെയ്ത 1,60,42,833.73/- രൂപയുടെ ടെണ്ടർ നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് നൽകി അംഗീകരിക്കണമെന്ന് പരാമർശം (3) പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു. ടെണ്ടർ വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്;

| | |
|---|---|
| Estimate PAC | 1,34,81,450.00/- |
| Current SoR+10% | 1,53,86,735.46/- |
| LMR(Local Market Rate) | 1,46,66,347.50/- |
| Quoted Amount | 1,60,42,833.73/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ ചാത്തന്നൂരിനെയും ആദിച്ചനല്ലൂരിനെയും ബന്ധിപ്പിക്കുന്ന നടപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ **M/s. SPAN CONSTRUCTIONS** ക്വോട്ട് ചെയ്തതും, എസ്റ്റിമേറ്റ് പി.എ.സി തുകയായ **1,34,81,450.00/-**രൂപയെക്കാൾ **19%** വർദ്ധനവുള്ളതും, **L.M.R ( Local Market Rate)** തുകയായ **1,46,66,347.50/-**രൂപയെക്കാൾ **9.38%** വർദ്ധനവുള്ളതും, **DSoR+10%** തുകയായ **1,53,86,735.46/-** രൂപയെക്കാൾ **4.26%** ഉം വർദ്ധനവുള്ളതുമായ, **1,60,42,834/-** രൂപയുടെ (ഒരു കോടി അറുപത് ലക്ഷത്തി നാലപ്പത്തിരണ്ടായിരത്തി എണ്ണൂറ്റിമുപ്പത്തിനാല് രൂപ മാത്രം) ടെണ്ടർ, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5 , ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന **Quoted rate / LMR or DSOR+10% whichever is less"** എന്ന പരിധിയിൽ ഇളവ് നൽകി, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ , പാലങ്ങൾ വിഭാഗം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്&എ&ഇ),കേരള,തിരുവനന്തപുരം
ധനകാര്യവകുപ്പ് (INPWC2/4/2026-FIN (3376896)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ. 3695, തീയതി - 18.02.2026)
ഇൻഫർമേഷൻ ഓഫീസർ(വെബ് &ന്യൂ മീഡിയ)ഐ&പി.ആർ.ഡി
കരുതൽ ഫയൽ - D1/717/2025-PWD

ഉത്തരവിൻ പ്രകാരം
Signed by
Rajesh M R
Date: 21-02-2026 10:26:47
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 18-02-2026**

ഫയൽ നം. ഡി1/717/2025/പി.ഡബ്ല്യു.ഡി. ഇനം നം: 3695

വിഷയം : പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ നടപ്പാലത്തിന്റെ നിർമ്മാണം - ടെണ്ടർ എക്സസ് - നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3695

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഡി1/717//2025/പി.ഡബ്ല്യൂ.ഡി |
| 2 | വകുപ്പ് | : | പൊതുമരാമത്ത്(ഡി) വകുപ്പ് |
| 3 | വിഷയം | : | കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ നടപ്പാലത്തിന്റെ നിർമ്മാണം - ടെണ്ടർ എക്സസ്-നിലവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡമായ "quoted rate/LMR or DSoR+10% whichever is less" എന്നതിൽ ഇളവ് വരുത്തി അംഗീകരിക്കുന്നത്-സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10.02.2026 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | ഉണ്ട് |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | നിത എം |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | കെ.ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ . ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ. പി.എ.മുഹമ്മദ് റിയാസ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17.02.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17.02.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും. | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ ചാത്തന്നൂരിനെയും ആദിച്ചനല്ലൂരിനെയും ബന്ധിപ്പിക്കുന്ന നടപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് M/s. SPAN CONSTRUCTIONS സമർപ്പിച്ച ടെണ്ടർ അംഗീകരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ സംബന്ധിച്ച കുറിപ്പാണിത്.

2) കൊല്ലം ജില്ലയിലെ ചാത്തന്നൂർ എൽ.എ.സി.യിലെ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 25.09.2025 തീയതിയിലെ സ.ഉ(സാധാ)നം.1421/2025PWD പ്രകാരം 162.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 03.10.2025 ൽ സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു എങ്കിലും 04.10.2025 ന് നടന്ന ആദ്യ ടെൻഡറിൽ ആരും പങ്കെടുത്തില്ല. 22.10.2025 ന് നടത്തിയ രണ്ടാം ടെൻഡറിൽ ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. Single Bidder ആയ M/s. SPAN CONSTRUCTIONS ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 19% ഉം, LMR ( Local Market Rate) തുകയെക്കാൾ 9.38% ഉം, DSoR+10% നെക്കാൾ 4.26% ഉം കൂടുതലാണ്. ക്വോട്ട് ചെയ്ത തുക DSoR+10% / LMR ടോളറൻസ് പരിധിയേക്കാൾ കൂടുതലായതിനാൽ നിരക്കുകൾ കുറയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും ബിഡ്ഡർ നിരക്കുകൾ കുറയ്ക്കാൻ തയ്യാറായില്ല. രണ്ടാമത്തെ ടെൻഡറിൽ ക്വോട്ട് ചെയ്യപ്പെട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Estimate PAC | 1,34,81,450.00/- |
| Current SoR+10% | 1,53,86,735.46/- |
| LMR(Local Market Rate) | 1,46,66,347.50/- |
| Quoted Amount | 1,60,42,833.73/- |

3) 04/05/2019 തീയതിയിലെ സ.ഉ(അച്ചടി)നം.54/2019/ഫിൻ ഉത്തരവിലെ ഖണ്ഡിക 5, ഉപഖണ്ഡിക 5 ൽ പരാമർശിച്ചിരിക്കുന്ന DSOR+10% ടോളറൻസ് ലിമിറ്റ് എന്ന പരിധിയ്ക്ക് പുറത്തുള്ള തുകയാണ് നെഗോഷിയേറ്റഡ് തുക എന്നതിനാൽ എൽ 1 ബിഡ്ഡറായ M/s. SPAN CONSTRUCTIONS ക്വാട്ട് ചെയ്ത 1,60,42,834/- രൂപയുടെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച റിമാർക്സിനായി ഫയൽ ധനവകുപ്പിന് നൽകുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം റിമാർക്ക്സ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

*"In case AD feels that there wont be a better response on recall of tenders after modifying the estimate, AD is advised to place the single bid from M/S SPAN CONSTRUCTIONS at the quoted amount of Rs.160,42,833.73 which is 19% above EPAC before the Council of Minister's for Approval.*

*This has the approval of Hon. Min (Finance)"*

4) ധനവകുപ്പ് നിഷ്കർഷിച്ചിരുന്ന പ്രകാരം പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആനച്ചാൽക്കടവിലെ നടപ്പാലം നിർമ്മണ പ്രവൃത്തിക്കായി ശ്രീ. ജയലാൽ എം.എൽ.എ.-യുടെ 2023-24 ആസ്തി വികസന ഫണ്ടിൽ (LAC-ADS 2023-24) ഉൾപ്പെടുത്തി തുക അനുവദിക്കുകയും തുടർന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും ചെയ്തിരുന്നു. ടി പ്രവൃത്തി 6 തവണ ടെൻഡർ ചെയ്തിരുന്നുവെങ്കിലും ആരും കരാർ ഏറ്റെടുത്തിരുന്നില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം പ്രവൃത്തി റദ്ദ് ചെയ്തു. ഈ പ്രവൃത്തിക്ക് സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചതിനെത്തുടർന്നാണ് ഭരണാനുമതി നൽകുകയും, ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തത്. നിലവിലെ സാഹചര്യത്തിൽ പാലത്തിന്റെ ഇരുകരകളിലും നിർമ്മാണസാമഗ്രികളും നിർമ്മാണത്തിനാവശ്യമായ യന്ത്രസാമഗ്രികളും എത്തിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ഇനി ടെണ്ടർ നടത്തിയാലും കുറഞ്ഞ നിരക്ക് കോട്ട് ചെയ്യപ്പെടാനുള്ള സാധ്യത കുറവാണ് എന്നത് കൊണ്ടുമാണ് ഉയർന്ന നിരക്കുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നത് എന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യിതിരുന്നു.

5) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആനച്ചാൽക്കടവിൽ ഇത്തിക്കര നദിക്ക് കുറുകെ ചാത്തന്നൂരിനെയും ആദിച്ചനല്ലൂരിനെയും ബന്ധിപ്പിക്കുന്ന നടപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ക്ഷണിച്ച ടെണ്ടറിൽ M/s. SPAN CONSTRUCTIONS ക്വാട്ട് ചെയ്തതും എസ്റ്റിമേറ്റ് PAC - യെക്കാൾ 19% വർദ്ധനവുള്ളതും , എൽ.എം.ആർ തുകയെക്കാൾ 9.38% വർദ്ധനവുള്ളതും, DSoR+10%-നെക്കാൾ 4.26% വർദ്ധനവുള്ളതുമായ 1,60,42,834/- രൂപയുടെ (ഒരു കോടി അറുപത് ലക്ഷത്തി നാലപ്പത്തിരണ്ടായിരത്തി എണ്ണൂറ്റിമുപ്പത്തിനാല് രൂപ മാത്രം) ടെണ്ടർ ; 04.05.2019 തീയതിയിലെ സഉ(അച്ചടി)നം.54/2019/ഫിൻ പ്രകാരം നിലവിലുള്ള മാനദണ്ഡമായ " Quoted rate / LMR or DSOR+10% whichever is less" എന്നതിൽ ഇളവ് വരുത്തിക്കൊണ്ട് അംഗീകരികരിക്കണമെന്ന പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അപേക്ഷ പരിഗണിച്ച് ടെണ്ടർ അംഗീകരിക്കാവുന്നതാണോ ?